# സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി ഏകദിന ശില്പശാല നടത്തുന്നു.

പൗരബോധവും ലക്ഷ്യബോധവും സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയുമുള്ളതും നിയമത്തെ സ്വമേധയ അനുസരിക്കുകയും ചെയ്യുന്ന ഒരു യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കിയിട്ടുള്ള പാഠ്യനുബന്ധ പദ്ധതിയായ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ 2016-17 വർഷത്തെ പ്രവർത്തനങ്ങളുടെ അവലോകനവും 2017-18 പുതിയ അദ്ധ്യയന വർഷത്തെ പാഠ്യപദ്ധതിയെക്കുറിച്ചുള്ള ഒരു ശില്പശാലയും **2017 ജൂലൈ 6-ാം തീയതി രാവിലെ 10.00 മണിയ്ക്ക്** ആലുവയിലുള്ള ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലെ കോൺഫ്രറൻസ് ഹാളിൽ വച്ച് നടത്തുന്നു.

ശില്പശാല ബഹു. കൊച്ചി റേഞ്ച് ഐ.ജി.പി ശ്രീ.പി.വിജയൻ ഐ.പി.എസ് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ എറണാകുളംറൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് അദ്ധ്യക്ഷത വഹിക്കും, സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ എറണാകുളംറൂറൽ ജില്ലാ നോഡൽ ഓഫീസറും ജില്ലാ ക്രൈം റെക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി യുമായ ശ്രീ.ഷീൻ തറയിൽ, എറണാകുളം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സന്തോഷ് സി.എ, ആലുവ ഡി.വൈ.എസ്.പി ശ്രീ.വി.കെ.സനിൽകുമാർ, മൂവാറ്റുപുഴ ഡി.വൈ.എസ്.പി ശ്രീ.കെ.ബിജുമോൻ, പെരുമ്പാവൂർ ഡി.വൈ.എസ്.പി ശ്രീ.ജി.വേണു, ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി ശ്രീ.ടി.ശ്യാംലാൽ, സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ എറണാകുളംറൂറൽ ജില്ലാ അസ്സിസ്റ്റൻറ് നോഡൽ ഓഫീസർ ശ്രീ.എ.പി.ഷാജിമോൻ എന്നിവർ സംബന്ധിക്കും.